# ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

**ഹാജർ :- കെ.എം. ദേവിക, ന്യായാധികാരി**

തീയതി : 2026 മാർച്ച് 27, വെള്ളി

(6 ചൈത്രം, 1948)

## CMP 1 /2026 (എസ്. ടി. 283/2020)

(വൈക്കം പോലീസ് സ്റ്റേഷൻ)

| | | |
|---|---|---|
| പരാതിക്കാരൻ | | കേരള സംസ്ഥാനത്തിനുവേണ്ടി പ്രതിനിധീകരിക്കുന്നത് |
| പ്രതിനിധീകരിക്കുന്നത് | : | അഡ്വ. അർളിൻ എസ്. എഫ്. (എ.പി.പി., ഗ്രാമ ന്യായാലയം, നാനാടം, വൈക്കം) |
| പ്രതി | | സുരേഷ്, വയസ്സ് 53/2020, S/o .ഗോപാലൻ, ആഞ്ഞിലിത്തറ ഹൗസ്, പനമ്പുകാട് ഭാഗം , വടക്കേമുറി വില്ലേജ്. |
| പ്രതിനിധീകരിക്കുന്നത് | : | അഡ്വ. പ്രിയ ആർ ചന്ദ്രൻ (LADC) |
| വാചകം/ഉത്തരവ് | : | ഹർജി അനുവദിച്ചിരിക്കുന്നു. |

GRAM NYAYALAYA
ഗ്രാമ ന്യായാലയം
VAIKOM, NANADAM - 686 143
വൈക്കം, നാനാടം - 686 143

ഈ ഹർജി 27.03.2026-ാം തീയതി കോടതി മുൻപാകെ വാദം കേട്ട് ഇന്നേ ദിവസം താഴെ പറയുന്ന വിധിന്യായം തുറന്ന കോടതിയിൽ പ്രസ്താവിച്ചിരിക്കുന്നു.

## <u>ഉത്തരവ്</u>

1. <u>ഹർജി ചുരുക്കം:-</u> മേൽ നമ്പർ കേസിൽ പ്രതി കഴിഞ്ഞ 18 ദിവസത്തോളമായി district jail കോട്ടയത്ത് റിമാൻഡിൽ കഴിഞ്ഞു വരികയാണ്. ടിയാൻ ജാമ്യക്കാരെ ഹാജാരാക്കുവാൻ തയ്യാറാണ്. ആയതിനാൽ ജാമ്യം അനുവദിക്കണം എന്ന് അപേക്ഷിച്ചാണ് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

2. <u>പ്രോസിക്യൂഷൻ കേസിൻെറ ചുരുക്കം</u> :- ഒന്നാം സാക്ഷിയുടെ പിതാവായ പ്രതിക്ക് ഒന്നാം സാക്ഷിയോടും മറ്റും ഉണ്ടായിരുന്ന വിരോധം നിമിത്തം ടിയാളെ ചീത്ത വിളിച്ച് മനോവിഷമപ്പെടുത്തണം എന്ന ഉദ്ദേശത്തോടും കരുതലോടും കൂടി 19.08.2020 തിയ്യതി പകൽ 3.00 മണിക്ക് പ്രതി ഒന്നാം സാക്ഷിയെ ചീത്ത വിളിച്ച് മനോവിഷമപ്പെടുത്തിയും കൈകൊണ്ട് ഇടത്തു കരണത്തടിച്ച് വേദനിപ്പിച്ചും ഒന്നാം സാക്ഷിയുടെ കഴുത്തിൽ കിടന്ന ഷാൾ കൈകൊണ്ടു വലിച്ചു മുറുക്കി കൊല്ലുമെന്ന് പറഞ്ഞു ഭീഷണിപ്പെടുത്തി മരണഭയം ഉളവാക്കി ഇന്ത്യൻ ശിക്ഷാ നിയമം 294(ബി),323, 506(1) പ്രകാരം കുറ്റം ചെയ്തിരിക്കുന്നു എന്നാണ് പ്രോസിക്യൂഷൻ ആരോപിച്ചിരിക്കുന്നത്.

3. ഈ കേസിലെ പ്രതിയെ LP വാറന്റിൽ അറസ്റ്റ് ചെയ്ത് ടിയാൻ ജയിലിൽ കഴിഞ്ഞു വരികയാണ്. ടിയാന് എതിരെ ആരോപിച്ചിരിക്കുന്ന എല്ലാ കുറ്റങ്ങളും bailable ആയത് കൊണ്ട് തന്നെ ടിയാന് ജാമ്യം ലഭിക്കുവാൻ അർഹത ഉണ്ട് എന്ന് കാണുന്നു. ആയത് കൊണ്ട് ടിയാനെ

30,000/- രൂപയുടെ ബോണ്ടിന്മേൽ ആ തുകക്ക് തത്തുല്യമായ രണ്ടു ജാമ്യക്കാരുടെ ബോണ്ടിന്മേൽ ജാമ്യം നൽകി ഉത്തരവാകുന്നു.

(ഇപ്രകാരം ഇത് ഞാൻ പറഞ്ഞുകൊടുത്ത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ വായിച്ചുനോക്കി തെറ്റു തിരുത്തി തുറന്ന കോടതിയിൽ 2026 മാർച്ച് മാസം 27-ാം തീയതി ഈ ഉത്തരവ് പ്രസ്താവിച്ചിരിക്കുന്നു).

ഒപ്പ്/-
കെ.എം. ദേവിക
ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

//ശരിപ്പകർപ്പ്//

ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

GRAM NYAYALAYA
ഗ്രാമ ന്യായാലയം
VAIKOM, NANADAM - 686 143
വൈക്കം, നാനാടം - 686 143

ഉത്തരവ്

ശരിപ്പകർപ്പ്
സി.എം.പി. നം. 1/2026
എസ് ടി നമ്പർ 283/2020

തീയതി : 27.03.2026